TCPKTM/801/2022-C

I/76217/2022

*"ഭരണഭാഷ - മാതൃഭാഷ"*

**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം, കോട്ടയം**
**നഗരാസൂത്രകന്റെ നടപടിക്രമം**

**വിഷയം** : തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ് - ജില്ലാ നഗരാസൂത്രകന്റെ കാര്യാലയം കോട്ടയം - ചങ്ങനാശ്ശേരി നഗരസഭ - റസിഡൻഷ്യൽ കെട്ടിട നിർമ്മാണം കൺകറൻസ് അംഗീകാരം-നിബന്ധനയിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നത് സംബന്ധിച്ച്

**പരാമർശം** : 1. നഗരസഭാ സെക്രട്ടറിയുടെ 03.11.2022 ലെ E2-BA/94/22 നമ്പർ കത്ത്.
2. ശ്രീമതി. വാസന്തി ശശി, പുതുപ്പറമ്പിൽ (H), ഫാത്തിമാപുരം പി.ഒ, ചങ്ങനാശ്ശേരി -യുടെ 29.08.2022 ലെ അപേക്ഷ.
3. നഗരാസൂത്രകന്റെ 18.09.2022 ലെ TCPKTM/626/2022-C നമ്പർ നടപടിക്രമം

======================================================================

**ഉത്തരവ് നമ്പർ : TCPKTM/801/2022-C** **തീയതി : 23-11-2022**

======================================================================

ചങ്ങനാശ്ശേരി നഗരസഭാ പരിധിയിൽ ചങ്ങനാശ്ശേരി വില്ലേജിൽ ബ്ലോക്ക് 249, റീ സർവ്വേ- 4/6 ൽ ഉൾപ്പെട്ട 78 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വസ്തുവിൽ 31.00 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള വാസഗൃഹം നിർമ്മിക്കുന്നതിന് സോണൽ കൺകറൻസ് ലഭ്യമാക്കുന്നതിനായി ശ്രീമതി. വാസന്തി ശശി, പുതുപ്പറമ്പിൽ (H), ഫാത്തിമാപുരം, ചങ്ങനാശ്ശേരി സമർപ്പിച്ച പരാമർശം- 2 അപേക്ഷ പരിഗണിച്ച യിൽ പരാമർശം- 3 പ്രകാരം കൺകറൻസ് നൽകി ഉത്തരവായിരുന്നു.

പ്രസ്തുത ഉത്തരവിലെ 5-ാമത്തെ നിബന്ധനയിൽ കെ.എം.ബി.ആർ 2019 ചട്ടം 23 പ്രകാരം മുനിസിപ്പൽ റോഡ് അതിരിൽ നിന്നും നിർദിഷ്ട നിർമ്മാണത്തിന് കുറഞ്ഞത് 2 മീറ്റർ അകലം ലഭ്യമാക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. നഗരസഭാ സെക്രട്ടറിയുടെ പരാമർശം-1 കത്തിൽ അപേക്ഷകയായ ശ്രീമതി. വാസന്തി ശശി പി.എം.എ.വൈ ഗുണഭോക്താവാണെന്ന് അറിയിച്ചിട്ടുണ്ട്. KMBR 2019 ചട്ടം 54(1) പ്രകാരം Government approved Schemes for economically weaker section -യിൽ ഉൾപ്പെടുത്തി നിർമ്മിയ്ക്കുന്നതിനോ ധനസഹായം നല്കുന്നതോ ആയ വാസഗൃഹങ്ങൾക്ക് നഗരസഭാ റോഡിൽ നിന്നും 1.5 m അകലം മതിയാവുന്നതാണ്.

ആയതിനാൽ സൂചന (3) ഉത്തരവിലെ നിബന്ധന- 5 ഒഴിവാക്കി, പകരം നിർമ്മാണം സർക്കാർ അംഗീകൃത സ്കീമിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് നഗരസഭാ സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തണം എന്ന നിബന്ധന ഉൾപ്പെടുത്തി പരാമർശം-3 ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു. പരാമർശം-3. നടപടിക്രമത്തിലെ മറ്റ് എല്ലാ നിബന്ധനകളും നിലനിൽക്കുന്നതും അവ പാലിക്കേണ്ടതുമാണ്.

ANILKUMAR P
TOWN PLANNER

സെക്രട്ടറി
ചങ്ങനാശ്ശേരി നഗരസഭ

<u>പകർപ്പ്</u> :

1. ശ്രീമതി. വാസന്തി ശശി, പുതുപ്പറമ്പിൽ (H) ഫാത്തിമാപുരം പി.ഒ, ചങ്ങനാശ്ശേരി, കോട്ടയം
2. കരുതൽ ഫയൽ 3. അധികം

DESPATCHED
Date. 23/11/22